നിയമസഭാനടപടികൾ

അഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

1979 മാർച്ച് 13, ചൊവ്വ

വാല്യം XLVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 18

നിയമസഭ 1979 മാർച്ച് 13-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു).

(i) വാങ്ങ്മൂലം നൽകുന്ന ഉത്തരങ്ങൾ

ഗവൺമെന്റ് ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിൽ സർക്കാരിന്റെ നയം

*420 [441] ഡോ. ജോർജ് മാത്യു:
ശ്രീ. പി. സി. ജോസഫ്:
ശ്രീ. ഒ. ലൂക്കോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗവൺമെന്റ് ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിൽ സർക്കാരിന്റെ നയം എന്താണ്;

(ബി) അനേകവർഷം സർവ്വീസ് പൂർത്തിയാക്കിയ ജീവനക്കാരെ ഇനിയും സ്ഥിരപ്പെടുത്താത്തത് എന്തുകൊണ്ടാണ്;

(സി) പ്രൊബേഷൻ ഡിക്ലയർ ചെയ്ത ജീവനക്കാരെ അതാതു തസ്തികകളിൽ സ്ഥിരപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): (എ, ബി) ചില പ്രത്യേക ജോലികൾക്കുവേണ്ടി സൃഷ്ടിച്ച താൽക്കാലിക തസ്തികകളിൽ ഒഴികെ പുരുങ്ങിയത് അഞ്ചു വർഷമെങ്കിലും തുടർച്ചയായി താൽക്കാലികാടിസ്ഥാനത്തിൽ നിലനിന്നിരുന്ന എല്ലാ തസ്തികകളും സ്ഥിരപ്പെടുത്തണമെന്നതാണ് ഗവൺമെന്റിന്റെ പൊതുനയം. പ്രസ്തുത നയമനുസരിച്ച് താൽക്കാലിക തസ്തികകൾ സ്ഥിരപ്പെടുത്തിയശേഷം ഓരോ വിഭാഗത്തിലുമുള്ള ജീവനക്കാരെ അവരുടെ സീനിയോറിറ്റി മുറയ്ക്ക് സ്ഥിരം ഒഴിവുകളിൽ സ്ഥിരപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്ഥിരം ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് മാത്രമേ താൽക്കാലിക തസ്തികകളിലിരിക്കുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്താനൊക്കുകയുള്ളു. പ്രൊബേഷൻ പൂർത്തിയാക്കിയതുകൊണ്ടു മാത്രം ജീവനക്കാരെ അതാത് തസ്തികകളിൽ സ്ഥിരപ്പെടുത്താവുന്നതല്ല.

ശ്രീ. പി. സി. ജോസഫ്: ചില പ്രത്യേക വിഭാഗം ജീവനക്കാരെ ഒഴിച്ചുള്ള ജീവനക്കാർ എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ആ പ്രത്യേക വിഭാഗത്തിലുള്ള ജീവനക്കാർ ആരെല്ലാമാണെന്നു വ്യക്തമാക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: പ്രത്യേക ജീവനക്കാരെന്നല്ല ഇവിടെ പറഞ്ഞത്. ചില പ്രത്യേക ജോലികളിലേക്കുവേണ്ടി സൃഷ്ടിച്ച താൽക്കാലിക തസ്തികകളാണ് എന്നാണ് പറഞ്ഞത്. അത് പല തരത്തിലുള്ള താൽക്കാലിക തസ്തികകളും ഉണ്ട്. ഒരു വലിയ കാലഘട്ടത്തേക്കു മാത്രം ആവശ്യമുള്ള ജോലിയാണ്.

ശ്രീ. പി. സി. ജോസഫ്: സ്ഥിരമായി ജോലി ഒഴിവ് വരുന്നതനുസരിച്ച് ആണ് താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതെന്നു പറഞ്ഞു. അത് വളരെയധികം കാലതാമസം ഉണ്ടാക്കാൻ സാദ്ധ്യതയുള്ളതുകൊണ്ട് താൽക്കാലിക ജീവനക്കാരായി തുടരുന്ന ആളുകളെ സ്ഥിരപ്പെടുത്തുന്നതിനുവേണ്ടി മറെറന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുന്നതിനെപ്പററി ആലോചിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇപ്പോഴത്തീരുമാനിച്ചതല്ലാതെ മറെറാരു സംവിധാനം വേണമെന്നുതോന്നുന്നില്ല. വളരെക്കാലം ഇതിനെ സംബന്ധിച്ച് ചർച്ചകളും നടത്തിയതിനു ശേഷമാണ് 5 വർഷക്കാലമെങ്കിലും ഒരു തസ്തിക തുടർച്ചയായി നിലനിൽക്കുകയാണെങ്കിൽ അത് സ്ഥിരം തസ്തികയായി നിലനിൽക്കുമെന്നും ആ സ്ഥിരം തസ്തികയിലേക്ക് ടെമ്പററിയായിട്ടുള്ള ഉദ്യോഗസ്ഥൻമാരെ സ്ഥിരപ്പെടുത്താമെന്നും തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: പല ഗവൺമെൻറ് ജീവനക്കാരും വളരെക്കാലം സർവ്വീസിലിരുന്നിട്ടും സീനിയോറിറ്റി ലിസ്റ്റ് ഫൈനലൈസ് ചെയ്യാത്തതുകൊണ്ട് ഇപ്പോഴും ഏത് പോസ്റ്റിലാണെന്നുള്ളത് സ്ഥിരപ്പെടുത്തിയിട്ടില്ല. ഇതിനെപ്പററി വളരെക്കാലമായി പരാതിയുള്ളതാണ്. പെൻഷൻ കിട്ടാറാകുമ്പോഴെങ്കിലും ഇവരെ ഏതെങ്കിലും പ്രത്യേക പോസ്റ്റിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: സീനിയോറിറ്റി ലിസ്റ്റ് തക്കസമയത്ത് തയ്യാറാക്കുന്നതിനുള്ള വീഴ്ചകളെപ്പററി പരിശോധിക്കാം. ആ വീഴ്ചകളും പരിഹരിച്ചു കഴിഞ്ഞാൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രശ്നത്തിന് ഏറെക്കുറെ പരിഹാരം ഉണ്ടാകുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

ശ്രീ. എം. വി. രാഘവൻ: ഗവൺമെൻറ് ജീവനക്കാരെ സർവ്വീസ് കമ്മീഷനാണ് സാധാരണ ഗതിയിൽ തെരഞ്ഞെടുക്കുന്നത്. താൽക്കാലിക ജീവനക്കാരെന്നു പറയുന്നത് ആരാണ്? ഗവൺമെൻറ് എടുത്തിട്ടു

LIBRARY ARCHIVES Kerala Legislative Assembly

ള്ളവരാണോ അതോ പി. എസ്. സി. തെരഞ്ഞെടുത്തിട്ടുള്ളവരാണോ; ഏതെല്ലാം ഡിപ്പാർട്ടുമെന്റുകളിലാണ് ഇവരുടെ നിയമനം നടത്തുന്നത്; എത്ര കൊല്ലം സർവ്വീസ് ഉള്ളവർ ഉണ്ടെന്ന് പറയാമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: പി. എസ്. സി തിരഞ്ഞെടുക്കുന്നവരാണ് ഈ ജീവനക്കാരെല്ലാം. അവരെ പി. എസ്. സി. തിരഞ്ഞെടുത്ത് നമ്മൾ നിയമിച്ചു കഴിഞ്ഞാലും പോസ്റ്റുകൾ സ്ഥിരമാകാത്തതുകൊണ്ട് പോസ്റ്റുകൾ സ്ഥിരമാകുന്നതുവരെ ഈ ജീവനക്കാർ താൽക്കാലിക ജീവനക്കാരായി തുടരുകയാണ്. പോസ്റ്റുകൾ സ്ഥിരമാകുന്നതിൽ ഇവരെ സ്ഥിരപ്പെടുത്തുവാനാണ് ഗവൺമെന്റ് 1977 ഫെബ്രുവരിയിൽ തീരുമാനം എടുത്തിട്ടുള്ളത്. അന്ന് ഗവൺമെന്റ് പുറപ്പെടുവിച്ച ഒരു ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5 കൊല്ലം ഈ പോസ്റ്റ് സ്ഥിരമായി നിലനിൽക്കുകയാണെങ്കിൽ ഈ പോസ്റ്റുകളെല്ലാം സ്വതേ തന്നെ പെർമനെന്റ് പോസ്റ്റുകളായി കണക്കാക്കും. അങ്ങനെയുള്ള പോസ്റ്റുകളിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരം ജീവനക്കാരായി പരിഗണിക്കും.

ശ്രീ. സേവ്യർ അറയ്ക്കൽ: വർക്ക് നോം പരിശോധിച്ചിട്ട് ഓരോ ഡിപ്പാർട്ടുമെന്റിലും വേണ്ടത്ര ഉദ്യോഗസ്ഥൻമാർ ഇല്ലെന്നുള്ളത് പരിഗണിച്ച് 5 വർഷം കഴിഞ്ഞ താൽക്കാലിക ജീവനക്കാരെ ഉടനെതന്നെ വർക്ക് നോം അനുസരിച്ച് സ്റ്റാഫ് ഇല്ലാത്ത സ്ഥലങ്ങളിൽ നിയമിക്കാൻ ഉത്തരവുണ്ടാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: 5 കൊല്ലം കഴിഞ്ഞെന്നുള്ളതുകൊണ്ടുമാത്രം വർക്കുനോം അനുസരിച്ച് സ്ഥിരപ്പെടുത്താൻ സാധിക്കുകയില്ല. ഇത് സ്ഥിരപ്പെടുത്തുന്ന പ്രശ്നമാണ്. ഒരു ജീവനക്കാരനെ സ്ഥിരപ്പെടുത്തണമെങ്കിൽ ഒരു സ്ഥിരം ലാവണം വേണം. അതാണ് പ്രശ്നം.

ശ്രീ. എൻ. ഭാസ്കരൻ നായർ: പത്തും പതിനഞ്ചും വർഷം ജോലി ചെയ്തതിനുശേഷം സ്ഥിരമായിട്ടില്ലെന്നുള്ള ഒറ്റ കാരണം കൊണ്ട് പെൻഷൻ നിഷേധിക്കുന്ന അനേകം കേസുകൾ ഉണ്ടെന്നുള്ള കാര്യം ഗവൺമെന്റിന് ബോദ്ധ്യമായിട്ടുണ്ടോ; അങ്ങനെ ഉണ്ടെങ്കിൽ അത് പ്രത്യേകമായി പരിഗണിച്ച് അവരുടെ വീഴ്ചകൊണ്ടല്ല ഇങ്ങനെ സംഭവിച്ചതെന്നുള്ളതുകൊണ്ട് അവർക്ക് പെൻഷൻ നൽകാൻ തയ്യാറാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലുള്ള കേസുകൾ മുമ്പ് വളരെ ഉണ്ടായിരുന്നു. എന്നാൽ 1977 ഫെബ്രുവരിയിൽ ഗവൺമെന്റ് എടുത്ത ഒരു തീരുമാനത്തിനുശേഷം അങ്ങനെയുള്ള കേസുകൾ ഉണ്ടാകാൻ ഇടയില്ല. അങ്ങനെ പ്രത്യേക കേസുകൾ ഉണ്ടെങ്കിൽ തീർച്ചയായും ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

ശ്രീ. കെ. ടി. കുമാരൻ: 5 വർഷം സർവ്വീസുണ്ടായാൽ ആട്ടോമാറ്റിക്കായി സ്ഥിരപ്പെടുത്തുന്ന ഒരു ഉത്തരവുണ്ടാകുന്നതല്ലേ നല്ലത്. ഓറയ്ക്ക് ഇങ്ങനെ ഓരോരുത്തരേയും സ്ഥിരപ്പെടുത്തുന്നത് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വാസുദേവൻ നായർ: അതിന്റെ ഉത്തരം പറഞ്ഞു കഴിഞ്ഞു. സ്ഥിരം പോസ്റ്റാണ് വേണ്ടത്. ആര് ഉണ്ടായാൽ പോര, ആളെ സ്ഥിരപ്പെടുത്തുന്നതല്ല, പോസ്റ്റിലാണ് സ്ഥിരപ്പെടുത്തുന്നത്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: അനേകം ആദിവാസികൾക്കും ഹരിജനങ്ങൾക്കും വേണ്ടിയുള്ള പോസ്റ്റുകൾ സ്ഥിരമായിട്ടുണ്ട്. അവിടെയെല്ലാം പാർട്ടൈം ജോലിക്കാരാണ് ജോലി ചെയ്യുന്നതെന്നു കണ്ടതുകൊണ്ട് ഇവർക്ക് ന്യായമായ ശമ്പളം കിട്ടുന്നില്ല. അതുകൊണ്ട് ഇവരെ സ്ഥിരപ്പെടുത്താനും ന്യായമായ ശമ്പളം കൊടുക്കാനും നടപടി എടുക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഈ ചോദ്യവുമായി യാതൊരു ബന്ധവുമില്ലാത്ത ചോദ്യമാണ്.

ശ്രീ. എ. വി. താമരാക്ഷൻ: സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം ലഭിച്ചിട്ടുള്ള വിവിധ ഡിപ്പാർട്ടുമെന്റുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി എടുക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അവരെ സ്ഥിരപ്പെടുത്തണമെങ്കിൽ ഈ വ്യവസ്ഥ ബാധകമാകാതെ പറ്റുകയില്ല. പോസ്റ്റ് സ്ഥിരമാകണം.

ശ്രീ. പി. ജെ. ജോസഫ്: കഴിഞ്ഞ 7 വർഷമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലക്ചറർ ഇൻ ക്ലിനിക്കൽ സൈക്കോളജി എന്ന പോസ്റ്റിൽ ജോലി ചെയ്യുകയും അതേസമയം ഈ അടുത്ത കാലത്ത് ഈ തസ്തികയ്ക്ക് വേറൊരു ക്വാളിഫിക്കേഷൻ പ്രിസ്ക്രൈബ് ചെയ്തുകൊണ്ട് ഇവരെ പുറത്താക്കാൻ ശ്രമിക്കുന്നതായും ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനെപ്പറ്റി നടപടി എടുക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അങ്ങനെയുള്ള പ്രത്യേകമായ കേസ് ചോദിച്ചാൽ എനിക്ക് ഉത്തരം പറയാൻ ബുദ്ധിമുട്ടുണ്ട്.

ശ്രീ. പി. കരുണാകരൻ: 5 വർഷം തുടർച്ചയായി ഒഴിവുണ്ടാകുകയാണെങ്കിൽ ആ പോസ്റ്റ് പെർമനെന്റ് ആകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഏതെല്ലാം ഡിപ്പാർട്ടുമെന്റുകളിലാണ് ഇങ്ങനെ വരാൻ സാദ്ധ്യതയുള്ളതെന്ന് പറയാമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അങ്ങനെ ഉണ്ടാകുന്ന കാര്യത്തെപ്പറ്റിയല്ല, ഇപ്പോൾ നിലനിൽക്കുന്ന നിയമത്തെപ്പറ്റിയാണ് ഞാൻ പറഞ്ഞത്. 1977 ഫെബ്രുവരി 2-ാം തീയതി ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവനുസരിച്ച്, അതിനു മുമ്പുള്ളതും അതിനു ശേഷമുള്ളതും എല്ലാം ഇപ്പോൾ നിയന്ത്രിക്കപ്പെടുന്നത് ഈ നിയമമനുസരിച്ചാണ്. ഒരു പോസ്റ്റ് ക്രിയേറ്റ് ചെയ്തുകഴിഞ്ഞാൽ അത് നിരന്തരമായി 5 കൊല്ലമെങ്കിലും നിലനിൽക്കുകയാണെങ്കിൽ അത് പെർമനെന്റ് ആകും. മറ്റു ചില പോസ്റ്റുകൾ ഉണ്ട്. സ്പെഷ്യൽ ആവശ്യങ്ങൾക്കുവേണ്ടി തൽക്കാലത്തേക്കു മാത്രം എന്നു പറഞ്ഞുകൊണ്ട് നിശ്ചയിക്കുന്ന പോസ്റ്റുകൾക്ക് ഇതു ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സുകുമാരനുണ്ണി: 5 കൊല്ലത്തിന്റെ കാര്യം പറഞ്ഞു. മദിരാശി ഗവൺമെന്റിന്റെ കാലത്ത് മലബാറിൽ റവന്യൂ ഡിപ്പാർട്ടുമെന്റിൽ ഡെപ്യൂട്ടി തഹസിൽദാർമാർ, തഹസിൽദാർമാർ എന്നീ വിഭാഗങ്ങളിൽപ്പെട്ട ആളുകൾ 19.20.22 കൊല്ലക്കാലമായി സ്ഥിരപ്പെടുത്തിയിട്ടില്ലെന്നുള്ള ആക്ഷേപം . ഉണ്ടായിട്ടുണ്ട്. അതിൻമേൽ അന്വേഷണം നടത്തി നടപടി എടുക്കാൻ തയ്യാറാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതൊരു പരമാർത്ഥമാണ്. ദീർഘകാലം സർവ്വീസിലിരുന്നു കഴിഞ്ഞിട്ടും അവരെ സ്ഥിരപ്പെടുത്തുന്നില്ലെന്നുള്ള പരാതി ഉണ്ടായിട്ടുണ്ട്. ആ പരാതിക്ക് പരിഹാരം ഉണ്ടാക്കാൻ വേണ്ടിയാണ് 1977-ൽ ഗവൺമെന്റ് ഇങ്ങനെയൊരു തീരുമാനം എടുത്തത്. കുറെ പരാതികൾക്ക് ഇതുകൊണ്ട് പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞു. ബാക്കിയുള്ളത് എന്തു ചെയ്യാമെന്ന് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. പി. ആർ. കുറുപ്പ്: പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് ഫയലിലെ ആഡ്വേഴ്സ് റിമാർക്സ് കൂടി മാനദണ്ഡമായി കണക്കാക്കുന്നുണ്ട്. അത്തരം ഫയലുകളിലുള്ള ഈ ആഡ്വേഴ്സ് റിമാർക്സ് കൊണ്ട് ഗവൺമെന്റ് ജീവനക്കാർക്ക് കിട്ടാൻ അർഹതപ്പെട്ട സ്ഥാനങ്ങൾ കിട്ടാതെ പോകുന്നതുകൊണ്ട് പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുവേണ്ടി തീരുമാനം എടുക്കാൻവേണ്ടി ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കുന്നതിനെപ്പറ്റി ആലോചിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഈ കാര്യത്തിൽ അത്ര വളരെ പരാതി ഉണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ട് സ്ഥിരം സംവിധാനം വേണമെന്നു തോന്നുന്നില്ല. ഏതെങ്കിലും പ്രത്യേക പരാതി ഉണ്ടെങ്കിൽ അത് അപ്പപ്പോൾ പരിശോധിക്കുന്നതാണ്.

പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്ക് അനുവദിച്ചിട്ടുള്ള സംവരണം

*421 [442] ശ്രീ. സി. വാസുദേവമേനോൻ:
ശ്രീ. എം. കെ. കൃഷ്ണൻ:
ശ്രീ. കെ. അനിരുദ്ധൻ:
ശ്രീ. പി. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് മതിയായ പ്രാതിനിധ്യം ലഭിക്കാൻവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിതരാകുന്നവരുടെ തുടർന്നുള്ള പ്രൊമോഷനു വിവിധ വകുപ്പുകളിൽ നിലവിലുള്ള ഡിപ്പാർട്ടുമെന്റ് സ്പെഷ്യൽ റൂളുകൾ വിഘാതമുണ്ടാക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനു പരിഹാരം കാണുന്നതിന് എന്തെങ്കിലും നടപടി ഇതിനകം ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തൊക്കെയെന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly